പുതിയ സ്കൂളുകൾ.

* 198. [28] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി അടുത്ത വിദ്യാഭ്യാസവർഷം മുതൽ എത്ര സ്കൂളുകൾ അനുവദിക്കുന്നുണ്ട്;

(ബി) അതിൽ പ്രൈവറ്റ് മേഖലയിലും, പൊതുമേഖലയിലുംകൂടി ഹൈസ്കൂൾ, അപ്പർപ്രൈമറിസ്കൂൾ, lowവർ പ്രൈമറിസ്കൂൾ എന്നിവ എത്ര വീതം അനുവദിക്കുന്നുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി) തീരുമാനിച്ചിട്ടില്ല.

വ്യവസായശാലകൾ

* 199. [29] ശ്രീ. പി. കെ. അബ്ദുൽകാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസർക്കാർ നേരിട്ട് നടത്തുന്നതും ബഹുഭൂരിപക്ഷം ഷെയറുകൾ ഉള്ളതുമായ എത്തെല്ലാം വ്യവസായ ശാലകൾ സ്റ്റേറ്റിൽ ഉണ്ട് ;

(ബി) അതിൽ എത്ര വ്യവസായങ്ങൾ നഷ്ടത്തിൽ നടക്കുന്നുണ്ട്; ഏതെല്ലാം?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ, ബി) വിവരങ്ങൾ അടങ്ങിയ † ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

പുതിയ സ്കൂളുകൾ.

* 200. [31] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വർഷം പുതിയ സ്കൂളുകൾ അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഹൈസ്കൂളുകൾ എത്ര, അപ്പർ പ്രൈമറി സ്കൂളുകൾ എത്ര; lowവർ പ്രൈമറി സ്കൂളുകൾ എത്ര;

(സി) പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ വിദ്യാഭ്യാസ സൌകര്യങ്ങൾ തീരെയില്ലാത്ത മലയോരപ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന കൊടുക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ);

(എ) ഉണ്ട്.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) മലയോര പ്രദേശങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയും പ്രത്യേകം പരിഗണിക്കുന്നതാണ്.

പ്രൈവറ്റ് വിദ്യാലയങ്ങളിൽ ഒരു ഡിവിഷനിൽ അനുവദിച്ചിട്ടുള്ള കുട്ടികൾ.

* 201. [35] ശ്രീ. പി. നാരായണൻ നമ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963 വിദ്യാലയ വർഷത്തിൽ പ്രൈവറ്റ് വിദ്യാലയങ്ങളിൽ ഒരു ഡിവിഷനു് എത്ര കുട്ടികളെയാണ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുള്ളതു് ;

LIBRARY ARCHIVES Kerala Legislative Assembly